"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – പെരിന്തൽമണ്ണ ഇ. എം. എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി & റിസർച്ച് സെന്റർ എം. 549 ന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/Co-Op തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.460/2025/സഹ തീയതി 28/10/2025

2. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

പെരിന്തൽമണ്ണ ഇ. എം. എസ് മെമ്മോറിയൽ സഹകരണ ആശുപത്രി &റിസർച്ച് സെന്റർ എം.549 ന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന്, "മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി" പ്രകാരം 80 ലക്ഷം രൂപ (എൺപത് ലക്ഷം രൂപ മാത്രം) ധനസഹായം (ഓഹരി - 4425-00-108-68-34-3 - 20.00 ലക്ഷം രൂപ, സബ്സിഡി -2425-00-108-67-34-3 - 20.00 ലക്ഷം രൂപ, വായ്പ 6425-108-11 - 40.00 ലക്ഷം രൂപ), 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. മേൽ തുക റീലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ ഇ. എം. എസ് മെമ്മോറിയൽ സഹകരണ ആശുപത്രി &റിസർച്ച് സെന്റർ എം.549 ന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന്, "മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി" പ്രകാരം 80 ലക്ഷം രൂപ (എൺപത് ലക്ഷം രൂപ മാത്രം) ധനസഹായം (ഓഹരി -

4425-00-108-68-34-3 - 20.00 ലക്ഷം രൂപ, സബ്സിഡി -2425-00-108-67-34-3 - 20.00 ലക്ഷം രൂപ, വായ്പ 6425-108-11 - 40.00 ലക്ഷം രൂപ), 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രസ്തുത തുക, ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ജനറൽ മാനേജർ, പെരിന്തൽമണ്ണ ഇ. എം. എസ് മെമ്മോറിയൽ സഹകരണ ആശുപത്രി &റിസർച്ച് സെന്റർ എം.549

(സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/191/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/221/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 13-02-2026 15:41:28

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.